(ബി മുതൽ ഇ വരെ) ഈ വിവരം കിട്ടിയിട്ടില്ല.

(എഫ്) താൽക്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴി സർവ്വീസിൽ വരുന്ന എല്ലാ ജീവനക്കാരെയും സർവ്വീസിൽ സ്ഥിരപ്പെടുത്തുകയെന്നതു പ്രായോഗികമാണെന്ന് ഗവൺമെൻറ് കരുതുന്നില്ല.

നിരോധിക്കപ്പെട്ട മരുന്നുകൾ

* 194 [240] ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽ നിരോധിച്ച പല മരുന്നുകളും കേരളത്തിൽ വിറ്റഴിയുന്നുണ്ടെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിരോധിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജില്ലാ ഡവലപ്പ്മെൻറ് കൗൺസിലുകളിലെ അനൗദ്യോഗികാംഗങ്ങൾ

* 195 [241] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ജില്ലാ ഡവലപ്പ്മെൻറ് കൗൺസിലുകളിലേക്ക് അനൗദ്യോഗിക മെമ്പർമാരെ നോമിനേറ്റ് ചെയ്യുന്നതിന്റെ മാനദണ്ഡമെന്താണ്;

(ബി) അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഡി.ഡി.സി.യിൽ നോമിനേറ്റ് ചെയ്യുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഡി.ഡി.സി. കളിൽ നോമിനേറ്റ് ചെയ്യാൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ജില്ലാ ഡവലപ്പ്മെൻറ് കൗൺസിലുകളിലേക്ക് അനൗദ്യോഗിക മെമ്പർമാരെ നോമിനേറ്റ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1. രാഷ്ട്രീയ സാമൂഹ്യമേഖലകളിൽ പ്രവർത്തിക്കുന്ന പൊതു പ്രവർത്തകർ (Representatives on other Interests)

2. സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടവർ (Representatives of Co-operative Movement)

LIBRARY ARCHIVES Kerala Legislative Assembly

3. വനിതാ സാമൂഹ്യ പ്രവർത്തകർ (Representatives of Lady Social Worker)

(ബി). ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാന ടൂറിസം വകുപ്പുമന്ത്രിമാരുടെ സമ്മേളനം

* 196 [242] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, എ.വി. താമരാക്ഷൻ:

,, പി. വിജയദാസ്:

,, ആർ.എസ്. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975 ആഗസ്റ്റ് മാസത്തിൽ കേന്ദ്രഗവൺമെന്റ് വിളിച്ചു കൂട്ടിയ സംസ്ഥാന ടൂറിസം മന്ത്രിമാരുടെ സമ്മേളനത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ സംസ്ഥാനഗവൺമെന്റ് ടൂറിസം വികസനത്തിനുവേണ്ടി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ);

(എ) സമ്മേളനത്തിന്റെ തീരുമാനങ്ങളടങ്ങിയ മിനിട്സ് ലഭിച്ചിട്ടില്ല.

(ബി) ആഭ്യന്തരജലഗതാഗത വികസനം, 'വാട്ടർസ്പോർട്സ്' തീർഥടന ലക്ഷ്വറി ബോട്ട് സർവ്വീസ് സംഘടിപ്പിക്കുക, 'പാതിരാമണൽ' ഒരു വിനോദ സഞ്ചാരകേന്ദ്രമായി വികസിപ്പിക്കുക, കുറഞ്ഞ വരുമാനക്കാരായ ടൂറിസ്റ്റുകൾക്കായി യാത്രികകൾ, യാത്രിനിവാസുകൾ, യൂത്ത് ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കുക, വിനോദസഞ്ചാര വാരാഘോഷങ്ങൾ ഭംഗിയായി സംഘടിപ്പിക്കുവാനും ട്രെക്കിംഗ് പ്രോൽസാഹിപ്പിക്കുവാനും വേണ്ട പദ്ധതികൾ നടപ്പിലാക്കുക, കേന്ദ്രഗവൺമെന്റ് . ഏഴാം പദ്ധതിക്കാലത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന വാട്ടർ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കുക മുതലായവയാണ് സമ്മേളനത്തിൽ സംസ്ഥാനഗവൺമെന്റ് മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ.

ഓവർ ഡ്രാഫ്റ്റ്

* 197 [244] ശ്രീ. എം.കെ. കേശവൻ:

,, കെ.പി. പ്രഭാകരൻ:

,, കെ.ആർ. ചന്ദ്രമോഹനൻ:

,, കെ.റ്റി. കണാരൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly